**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4447** **18-03-2025 - ൽ മറുപടിയ്ക്ക്**

**കേരളാ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ പെൻഷൻ ബോർഡിലേക്ക് കേരളാ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ എത്ര തുക അടയ്ക്കുവാൻ ഉണ്ട്; വ്യക്തമാക്കാമോ; | (എ) | **നിലവിൽ 10,92,74,046/- രൂപ അടവാക്കാനുണ്ട്.** |
| (ബി) | അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് കുടിശ്ശിക ആയ വകയിൽ ഉണ്ടായ പലിശ എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | **9,37,02,542/- രൂപ.** |
| (സി) | പ്രസ്തുത പലിശയിൽ എത്ര രൂപ കേരള ബാങ്കിന് ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (സി) | **സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ 1% അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഈടാക്കുവാൻ ഉത്തരവായതിനെതിരെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിവിധ റീജിയണുകൾ (മുൻ ജില്ലാ സഹകരണ ബാങ്ക്) ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും പ്രസ്തുത ഹർജികളിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ 11/2023 വരെ പലിശ ഇനത്തിൽ പെൻഷൻ ബോർഡിന് ലഭിയ്ക്കുന്നതിനുള്ള തുക സാധാരണ പലിശയിൽ കണക്കാക്കി ടി തുകയുടെ 50% ഇളവ് അനുവദിച്ചും ശേഷിക്കുന്ന 50% തുകയും മുതലും ചേർത്തുള്ള തുക 03/2024 മുതൽ 12/2024 വരെ 10 തവണകളായി അടവാക്കുന്നതിനും 12/2023 മുതലുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ് 1% നിരക്കിൽ കൃത്യമായും അടവാക്കുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു.** |
| (ഡി) | പലിശ ഇനത്തിൽ ഇളവ് ചെയ്തു കൊടുത്ത തുക പെൻഷൻ ബോർഡിന് സർക്കാർ നൽകുമോ; എങ്കിൽ എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | **സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ 1% അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഈടാക്കുവാൻ ഉത്തരവായതിനെതിരെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിവിധ റീജിയണുകൾ (മുൻ ജില്ലാ സഹകരണ ബാങ്ക്) ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ** |

| | | | |
|---|---|---|---|
| | | | **ഫയൽ ചെയ്യുകയും പ്രസ്തുത ഹർജികളിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ 11/2023 വരെ പലിശ ഇനത്തിൽ പെൻഷൻ ബോർഡിന് ലഭിയ്ക്കുന്നതിനുള്ള തുക സാധാരണ പലിശയിൽ കണക്കാക്കി ടി തുകയുടെ 50% ഇളവ് അനുവദിച്ചും ശേഷിക്കുന്ന 50% തുകയും മുതലും ചേർത്തുള്ള തുക 03/2024 മുതൽ 12/2024 വരെ 10 തവണകളായി അടവാക്കുന്നതിനും 12/2023 മുതലുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ് 1% നിരക്കിൽ കൃത്യമായും അടവാക്കുന്നതിനും കേരള സംസ്ഥാന സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു.** |

സെക്ഷൻ ഓഫീസർ